## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:776 — 01.03.2017-ൽ മറുപടിക്ക്

## പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുള്ള അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | 2011-16 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുള്ള അഴിമതികളുടെ വിശദാംശം നൽകാമോ; | എ) | **പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുളളവ**<br>1. അടിയ പണിയ പാക്കേജ് പദ്ധതിയിൽ വയനാട് ജില്ലയിൽ നടന്ന ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേട്.<br>2. ജനനി ജന്മരക്ഷാ പദ്ധതിയിൽ നടന്ന ക്രമക്കേട്.<br><br>**പട്ടികജാതി വികസന വകുപ്പിൽ നടന്നിട്ടുളളവ**<br>i) കാസർഗോഡ് ജില്ല പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ 2012-2013 വർഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച തുക അനധികൃതമായി മാറിയെടുത്ത് വിതരണം നടത്താതെ കൈവശം സൂക്ഷിച്ചത് സംബന്ധിച്ച്.<br>ii) കൊല്ലം ജില്ല ചവറ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ഗുണഭോക്താക്കളോട് കൈക്കൂലി ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തത് സംബന്ധിച്ച്.<br>iii) കാസർഗോഡ് ബദിയടുക്ക പ്രീ-മെട്രിക് ഹോസ്റ്റൽ പരിസരത്തെ മരങ്ങൾ മുറിച്ച് കടത്തിയത് സംബന്ധിച്ച്.<br>iv) ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിന്റെ അധീനതയിൽ ഉണ്ടായിരുന്ന ഹോസ്റ്റലുകളിൽ ഗുണനിലവാരമില്ലാത്ത ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച്.<br>v) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ കീഴിൽ നടപ്പിലാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ക്രമക്കേട് കാണിച്ചത് സംബന്ധിച്ച്.<br>vi) ഇടുക്കി ജില്ലയിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വന്നിരുന്ന 2015-16 വർഷത്തെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ക്രമക്കേട് കാണിച്ചത് സംബന്ധിച്ച്<br>vii) തൃശ്ശൂർ കോട്ടോൾ നായാടി കോളനിയിൽ നടപ്പിലാക്കിയ ഭവന നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച്.<br>viii) പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2012-13 വർഷം നടപ്പിലാക്കിയിരുന്ന |

| | | | |
|---|---|---|---|
| | | | ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച്.<br>ix) പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2013-14, 2014-15 വർഷങ്ങളിൽ നടപ്പിലാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് |
| ബി) | ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | ബി) | **പട്ടികവർഗ്ഗ വികസന വകുപ്പിൽ** ഭവന നിർമ്മാണത്തിലെ ക്രമക്കേട് പരിശോധിക്കുന്നതിന് സ.ഉ (സാധാ) നം.790/16/പജ.പവ.വിവ തീയതി 12.05.2016 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.ഒ.എം.അശോകനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി ശ്രീമതി.റീത്ത.എസ്.പ്രഭ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിക്കണമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.<br>ജനനി ജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ ആരോപണവുമായി ബന്ധപ്പെട്ട് വകുപ്പിലെ നിർവ്വാഹണ ഉദ്യോഗസ്ഥനായിരുന്നയാളെ സസ്പെന്റ് ചെയ്തിട്ടുണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പിൽ** മേൽ ക്രമ നമ്പർ i, ii, എന്നിവയിൽ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ക്രമ നമ്പർ iii വകുപ്പുതല അന്വേഷണം നടന്നു വരുന്നു.<br>ക്രമ നമ്പർ iv, v, vi, vii, viii, ix എന്നിവയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടന്നു വരുന്നു. |
| സി) | എത്ര വിജിലൻസ് കേസ്സുകൾ ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ട്; വിശദ വിവരം നൽകുമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ രണ്ടെണ്ണം<br>1. വയനാട് ജില്ലയിലെ അടിയ പണിയ പാക്കേജ് പദ്ധതിയിലെ ഭവന നിർമ്മാണത്തിലെ ക്രമക്കേട്.<br>2. ജനനി ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസിന്റെ ത്വരിത പരിശോധന നടന്നു വരുന്നു.<br>പട്ടികജാതി വികസന വകുപ്പിൽ 6 എണ്ണം<br>ക്രമ നമ്പർ iv, v, vi, vii, viii, ix എന്നിവയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**